# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6224 20.11.2019-ൽ മറുപടിക്ക്

## മൃഗശാലകളിൽ സന്ദർശകർക്ക് ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ

**ചോദ്യം**

ശ്രീ.ഡി.കെ. മുരളി

**ഉത്തരം**

ശ്രീ. കെ.രാജു
(ബഹു.വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര മൃഗശാലകൾ ഉണ്ടെന്നും അവ ഓരോന്നും എവിടെ യൊക്കെ സ്ഥിതി ചെയ്യുന്നുവെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ രണ്ട് മൃഗശാലകൾ ആണുള്ളത്. അവ തിരുവനന്തപുരത്തും, തൃശ്ശൂർ ജില്ലയിലെ ചെമ്പൂകാവ് എന്ന സ്ഥലത്തുമാണ് സ്ഥിതി ചെയ്യുന്നത്. |
| (ബി) | മൃഗശാലകളിൽ സന്ദർശകർക്ക് ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ബി) | മൃഗശാലകളിൽ സന്ദർശകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം മൃഗശാലാ സന്ദർശനം നടത്തുന്നവരുടെ സാധനങ്ങൾ സൂക്ഷിക്കുന്നതിനായി ക്ലോക്ക് റൂം, സന്ദർശകർക്ക് സഞ്ചരിക്കുന്നതിനായി ബാറ്ററിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾ, വ്യത്യസ്ത കഴിവുള്ളവർക്ക് ഉപയോഗിക്കുന്നതിനായി വീൽ ചെയറുകൾ, ഷീ ടോയിലറ്റ്, സ്ത്രീ സൗഹാർദ്ദ പരമായ ഇ-ടോയിലറ്റ്, ശീതീകരിച്ച കുടിവെള്ളം ലഭിക്കുന്ന കിയോസ്കുകൾ, സന്ദർശകർക്ക് വിവരങ്ങൾ നൽകുന്നതിനായി ഇൻഫർമേഷൻ കൗണ്ടർ, സൈൻ ബോർഡുകൾ, ഫസ്റ്റ് എയ്ഡ് ബോക്സുകൾ, സന്ദർശകരായി എത്തുന്ന മുലയൂട്ടുന്ന അമ്മമാർക്കായി ഫീഡിംഗ് മുറി, സന്ദർശകർക്ക് ഭക്ഷണം കഴിക്കുന്നതിനായി ഡയ്നിംഗ് ഏരിയ, വിശ്രമ കേന്ദ്രങ്ങൾ എന്നീ സൗകര്യങ്ങൾ ഉറപ്പ് വരുത്തിയിട്ടുണ്ട്. വംശനാശം നേരിടുന്ന ജന്തു ജാലങ്ങളെ പരിചയപ്പെടുത്തുന്നതിനായുള്ള ഇന്റർപ്രിട്ടേഷൻ സെന്ററുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>തൃശ്ശൂർ മൃഗശാലയിൽ ഇൻഫർമേഷൻ കൗണ്ടർ, ക്ലോക്ക് റൂം, ഫുഡ് ഷെൽട്ടർ, കുടിവെള്ള പോയിന്റുകൾ, വിവരങ്ങൾ നൽകുന്നതിനാവശ്യമായ സൈൻ ബോർഡുകൾ, വ്യത്യസ്ത കഴിവുള്ളവർക്ക് ഉപയോഗിക്കുന്നതിനായി വീൽ ചെയറുകൾ, റാമ്പുകൾ, വിശ്രമ കേന്ദ്രങ്ങൾ, ഇ-ടോയിലറ്റ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ